**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3671** | **26-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ കായിക നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത നയത്തിന്റെ കരട് മാർഗ്ഗരേഖ തയ്യാറാക്കുന്ന വേളയിൽ എം.എൽ.എ. മാരുടെ അഭിപ്രായങ്ങൾ തേടുന്നത് പരിഗണിക്കുമോ; | (ബി) | കായിക നയം രൂപീകരിക്കുന്നതിനു കായിക രംഗത്തെ വിദഗ്ദ്ധരുൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. |
| (സി) | കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു നിയോജക മണ്ഡലത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി നടപ്പാക്കാമോ; | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പക്കലുള്ള കളിസ്ഥലങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം നടന്നു വരികയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ